02/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 683*(2)/2020*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13857**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി ചാരു സി.ബാബു,
ദാമോദര നിലയം,
വെൺകുളം, ഇടവ പി.ഒ.,
പിൻ – 695 311. } പരാതി ഹർജിക്കാരി

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്, ദക്ഷിണമേഖലാ പോലീസ്
ഇൻസ്പെക്ടർ ജനറലുടെ കാര്യാലയം,
ദക്ഷിണമേഖല, തിരവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.09.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.11.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.12.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതിചാരു സി.ബാബു, 27.11.2020ന് സമർപ്പിച്ച പരാതി ഹർജി 01.12.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.683(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഫീസ് ഒടുക്കിയിട്ടും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 27.08.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. അയിരൂർ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടറായിരുന്ന ശ്രീ.രാജ്കുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത ഉത്തരവിന്റെ രേഖാമൂലമുള്ള പകർപ്പ് നൽകണമെന്നും

2. ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് ആധാരമായ കാര്യങ്ങളുടെയും കുറ്റപത്രങ്ങളുടെയും മറ്റെന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ ആയതിന്റെയും നാളിതുവരെ ടി വിഷയത്തിന്മേൽ ഉണ്ടായിട്ടുള്ള നോട്ട് ഫയലുകളുടെയും രേഖാമൂലമുള്ള പകർപ്പ് നൽകണമെന്നാണ്.

ആയതിന് 11.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി സമർപ്പിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ പകർപ്പിനായി പേജ് ഒന്നിന് 2/- രൂപാ നിരക്കിൽ ആകെ 14/ രൂപ ഒടുക്കി രസീത് ഹാജരാക്കണമെന്നുമാണ് അറിയിച്ചത്.

4. എതിർകക്ഷി 11.01.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷ 27.08.2020ന് ടി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ആയത് വിശദമായി പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിനായി പേജൊന്നിന് 2/- രൂപാ നിരക്കിൽ 14 രൂപ ഒടുക്കുന്നതിനായി 11.09.2020ലെ കത്തു പ്രകാരം നിർദ്ദേശം നൽകിയെന്നാണ്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14 രൂപ ഒടുക്കി 12.10.2020ന് ചെലാൻ അയച്ചുനൽകിയിട്ടുള്ളതും ആയതിൻ പ്രകാരം 16.10.2020ലെ കത്തു മുഖാന്തിരം ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹർജിക്കാരിയ്ക്ക് തപാൽ മുഖേന അയച്ചുകൊടുത്തുവെന്നാണ്. ടി കത്ത് ടിയാൾക്ക് ലഭിച്ചിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്ന് കാണുന്നുവെന്നും 16.10.2020ന് ടി ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ ഹർജിക്കാരിയ്ക്ക് കിട്ടിയിട്ടില്ല എന്നത് സംബന്ധിച്ച് യാതൊരു അറിയിപ്പോ പരാതിയോ അപ്പീൽ ഹർജിയോ ടി ഓഫീസിൽ നാളിതുവരെ ലഭിച്ചിട്ടില്ലെന്നുമാണ്. കൂടാതെ ഹർജിക്കാരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 16.10.2020ലെ കത്തും ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും ഒരിക്കൽ കൂടി രജിസ്റ്റേർഡ് തപാലിൽ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

5. 02.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയ്ക്ക് അസൗകര്യമായതിനാൽ ടിയാളുടെ മാതാവിനെ ചുമതലപ്പെടുത്തി കത്തു നൽകിയിരുന്നു. എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കായി 14/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് തുക ഒടുക്കിയിട്ടും ടിയാൾക്ക് മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. ഹർജിക്കാരി 14/- രൂപ ഒടുക്കിയ ചെലാൻ രസീത് 12.10.2020ൽ അയച്ചു നൽകിയതുപ്രകാരം 16.10.2020നു ടിയാൾക്ക് രേഖകൾ അയച്ചു നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പ് ച്ചു. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മേൽപ്പടി വിവരങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ ഇന്നേദിവസം (02.11.2021ന്) തന്നെ മെയിൽ ചെയ്യണമെന്ന് എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം 02.11.2021ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, മേൽപ്പറഞ്ഞ രേഖകൾ 16.10.2020ന് അയച്ചുകൊടുത്തത് ഹർജിക്കാരിയ്ക്ക് ലഭിച്ചിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നതെന്നു കാണുന്നുവെന്നും എന്നാൽ ടി രേഖകൾ ടിയാൾക്ക് ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച യാതൊരറിയിപ്പോ പരാതിയോ ലഭിച്ചിട്ടില്ലെന്നാണ്. എന്നിരുന്നാലും ബഹു.കമ്മീഷൻ മുമ്പാകെ ഇപ്പോൾ നൽകിയിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 16.10.2020 തീയതിയിലെ കത്തും ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും ഒരിയ്ക്കൽ കൂടി കമ്മീഷനു സമർപ്പിക്കുന്നുവെന്നുമാണ്.

കൂടാതെ കമ്മീഷന്റെ കത്തിൽ പറയുന്ന അതേ തീയതിയിൽ തന്നെ മറ്റൊരു അപേക്ഷ ടി കാര്യാലയത്തിൽ ഹർജിക്കാരി സമർപ്പിച്ചിരുന്നതെന്നും ടി അപേക്ഷയിന്മേൽ ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ സർവ്വീസിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെയുള്ള അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ടതായതിനാലും പ്രസ്തുത അച്ചടക്ക നടപടി നിലവിൽ അന്വേഷണ അവസ്ഥയിലായതിനാലും ടി രേഖകളുടെ വെളിപ്പെടുത്തൽ പ്രസ്തുത രേഖകളിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥരുടെ സ്വകാര്യതയേയും സുരക്ഷയേയും ദോഷകരമായി ബാധിക്കുമെന്നതിനാലും ഇത്തരം വിവരങ്ങൾ വെളിപ്പെടുത്തുന്നത് വിവരാവകാശ നിയമത്തിലെ 8(1) (j) (g) (h) എന്നിവയുടെ പരിധിയിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളതായതിനാലും വിവരാകാശ നിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല എന്ന വിവരം ഹർജിക്കാരിയെ 14.09.2020ന് അറിയിച്ചിട്ടുണ്ടെന്നും ടിയാൾ ടി ഓഫീസിൽ ഒരേ രീതിയിൽ രണ്ട് അപേക്ഷകൾ സമർപ്പിച്ചി

രുന്നതിനാൽ പ്രസ്തുത രണ്ട് അപേക്ഷകളിൽ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കാവുന്ന രേഖകൾ /വിവരങ്ങൾ ഹർജിക്കാരിക്ക് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

8. മേൽപ്പടി റിപ്പോർട്ട് പരിശോധിച്ചതിൽ 02.11.2021ലെ റിപ്പോർട്ടും അനുബന്ധ രേഖകളും ഹർജിക്കാരിയ്ക്ക് 7 ദിവസത്തിനകം അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 15-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)